**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം** 216

# ഈശ്വരൻ കാലാതീതൻ, അഖണ്ഡൻ

## DIVINE IS TIMELESS, INDIVISIBLE

പ്രശാന്തി സന്ദേശം 216-ാം ഉപാഖ്യാനം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ഭഗവാൻ മിക്കപ്പോഴും പറയാറുണ്ട്, “സത്യം ഒന്നേയുള്ളൂ, രണ്ടില്ല.” അവിടുന്ന് എന്തുകൊണ്ട് ഇപ്രകാരം പറയണം? “സത്യം ഒന്നേയുള്ളൂ” എന്നു പറഞ്ഞാൽ പോരേ? “രണ്ടില്ല” എന്നു പറയേണ്ട കാര്യമുണ്ടോ? ആ “രണ്ടില്ല” എന്നത് പരിഭാഷ



പ്പെടുത്താൻ ഞാൻ മറന്നാൽ, അവിടുന്ന് എന്നെ ഓർമ്മിപ്പിക്കും: “ഒന്ന്, രണ്ടില്ല എന്ന് പറയൂ!” അപ്പോൾ, സത്യം ഏകമാണ്, രണ്ടല്ല. ഈശ്വരൻ ഒന്നാണ്, രണ്ടില്ല. ഇത് ശരിക്കും വളരെ രസകരമായ ഒരു പ്രസ്താവനയാണ്, നാം ഇത് ഇനിയും മനസ്സിലാക്കുന്നതിലേക്കായി കൂടുതൽ സമയം ചെലവിടേണ്ടത് ആവശ്യമാണ്.

ഈശ്വരൻ രണ്ടല്ല. ലോകമെമ്പാടും, ആരൊക്കെ ഈശ്വരനെ അറിഞ്ഞിട്ടുണ്ടോ, അവരൊക്കെ ഈശ്വരൻ ഒന്നാണ് എന്നത്രേ പറഞ്ഞിട്ടുള്ളത്. ഭാരതത്തിൽ മാത്രമാണ് ഈ ഒന്ന് എന്ന വാക്ക് മന:പൂർവം ഉപയോഗിക്കാതിരുന്നിട്ടുള്ളത്. ഇന്ത്യയിൽ, എല്ലായ്പോഴും പറയപ്പെട്ടിരുന്നത് ഈശ്വരൻ ‘രണ്ടല്ല’ എന്നാണ്, അതേ സമയം ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ, ഈശ്വരനെ അറിഞ്ഞിട്ടുള്ളവർ പറഞ്ഞിട്ടുള്ളത് അത് ‘ഒന്നാണ്’ എന്നാകുന്നു. പക്ഷേ ഇന്ത്യ ഒരിക്കലും ഈശ്വരനെ ‘ഏകം’ എന്നു വിളി

ച്ചില്ല. ഇന്ത്യയിൽ നമുക്ക് നന്നായി അറിയുമായിരുന്നു അത് ഏകമാണെന്ന്, എന്നിട്ടും ഭാരതീയർ അതിനെ 'ഏക'മെന്നു വിളിക്കാൻ ഇഷ്ടപ്പെട്ടില്ല!

ഇതിന് കാരണങ്ങളുണ്ട്. ലോകത്ത് മറ്റൊരിടത്തുമുള്ള ഒരു വർഗവും ഈശ്വരനെ ഇത്രമാത്രം കൃത്യതയോടെയും ഇത്രയും വിഭിന്ന മാർഗങ്ങളിലും ആവിഷ്കരിക്കാനും അനുഭവിക്കാനും ശ്രമിച്ചിട്ടില്ല, ഇന്ത്യ അതിനെ ആവിഷ്കരിക്കാനും അനുഭവിക്കാനും ശ്രമിച്ചതുപോലെ. ഈശ്വരനെ സംബന്ധിച്ച് അതി സൂക്ഷ്മമായ തെറ്റു പോലും ഒഴിവാക്കുന്നതിനായി നമ്മൾ ചെയ്ത പ്രയത്നം പോലെ മറ്റാരും തന്നെ പ്രയത്നിച്ചിട്ടില്ല. ഈ പരിശ്രമത്തിന്റെ കൂടെ ഇനിയൊന്നും തന്നെ അധികം കൂട്ടിച്ചേർക്കാനില്ല. ഇത് അങ്ങേയറ്റം ശ്രമകരമായിരുന്നു, ഈശ്വരന്റെ ഈ നിർവചനം നാം ഏതാണ്ട് അതിന്റെ പൂർണതയിലേക്ക് എത്തിച്ചതായി തോന്നിക്കുന്നു.

ഈശ്വരനെ ഇന്ത്യയിൽ നാം 'ഏക'മെന്നു വിളിക്കുന്നതിന് പ്രയാസപ്പെട്ടത് എന്തു കൊണ്ടെന്നാൽ, ഈശ്വരനെ 'ഏക'മെന്നു വിളിക്കുന്നത് ഉടനെ നമ്മെ രണ്ടിനെ ഓർമ്മിപ്പിക്കുന്നു! ഈശ്വരൻ 'ഒന്നാണ്'എന്നു നിങ്ങൾ കേൾക്കുമ്പോളൊക്കെ, ഉടനടി 'രണ്ട്' എന്ന ആശയം നിങ്ങളുടെ മനസ്സിൽ




മിന്നുന്നു. 'രണ്ട്' മനസ്സിലേക്ക് വരാനുള്ള കാരണം എന്തെന്നാൽ, ഒന്ന് എന്ന സംഖ്യ, അതിലും വലിയ സംഖ്യകളുടെ ശ്രേണിയുടെ ഒരു ഭാഗമല്ലെന്നു വരികിൽ, അർത്ഥശൂന്യമാകുന്നു എന്നതാണ്. ഒന്നിന് അർത്ഥമുണ്ടാകുക 2, 3, 4, 5 എന്നിങ്ങനെ സംഖ്യകളും ഉള്ളപ്പോളാണ്.

മുഴുവൻ സംഖ്യാ സമ്പ്രദായവും 1 എന്ന സംഖ്യയിലാണ് ആരംഭിക്കുന്നത്. ഇക്കാരണത്താലാണ് നാം 1 എന്ന് പറയുമ്പോൾ, മനസ്സിലുയരുന്ന പ്രതിധ്വനി 2 എന്നാകുന്നത്. എന്നിരുന്നാലും, പറയപ്പെടുന്നതിൽ ഭാരതത്തിന് തീരെ താത്പര്യമില്ല. നാം ഭാരതീയർക്ക് കൂടുതൽ താത്പര്യം നിങ്ങളുടെ അകമേ കേട്ടതിലാണ്. ഇത് മനസ്സിലാക്കാൻ ശ്രമിക്കുക, എന്തുകൊണ്ടെന്നാൽ ഇത് വളരെ അർത്ഥപൂർണമാണ്. എന്താണോ പറയപ്പെട്ടത് എന്നതിലുമധികം നമുക്ക് പ്രധാനം എന്താണ് മനസ്സിലാക്കാനായത് എന്നതാണ്. പരമമായി, നിങ്ങൾക്കെന്താണോ മനസ്സിലായത്, അതാവും നിങ്ങളെ സംബന്ധിച്ച് പ്രയോജനപ്പെടുക, അല്ലാതെ പറയപ്പെടുന്നതല്ല. അതുകൊ

ണ്ടാണ് നാം വളരെ തലതിരിഞ്ഞ പദം ഉപയോഗിച്ചത്-നാം പറഞ്ഞത് 'രണ്ടല്ല' എന്നാണ്, അത് അദ്വൈതമാകുന്നു.

ഈശ്വരൻ 'രണ്ടല്ല' എന്നു നാം കേൾക്കുമ്പോൾ, നമ്മുടെ മനസ്സിൽ ഉണരുന്ന പ്രതി ബിംബം 1 എന്ന സംഖ്യയാണ്. 'രണ്ടല്ല' എന്നു നാം കേൾക്കുമ്പോൾ, നമ്മുടെ മന സ്സിന്റെ അഗാധതയിൽ ഉണരുന്നത് 1 എന്ന സംഖ്യയുടെ പ്രതിബിംബമാണ്. എന്നാൽ ആരെങ്കിലും അത് 'ഒന്നാണ്' എന്നു പറയുന്നത് നാം കേൾക്കുമ്പോൾ, സംഖ്യകളുടെ ഒരു ശ്രേണിയെപ്പറ്റി നാം ചിന്തിക്കും. 'രണ്ടല്ല' എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ വരുന്ന പ്രതിബിംബം 1 ആണ്. എന്നാൽ ഈ ഒന്ന്, നേരിട്ട് പറയപ്പെടുന്ന 'ഈശ്വരൻ ഒന്നാണ്' എന്നതുപോലെയുള്ള ഉക്തിക ളിലെ 1-ൽ നിന്ന് വ്യത്യസ്തമാണ്.

'ഒന്ന്' എന്നു നാം പറയുമ്പോൾ, അത് തികച്ചും വ്യത്യസ്തമായ ഒരു വിഷയമാണ്. 'രണ്ടല്ല' എന്നു നാം പറയുമ്പോൾ, അതിൽ ഒന്നിന്റെ ഒരു സൂചനയും ഉണ്ട്. പക്ഷേ ആ വിവക്ഷ പരോക്ഷമാണ്. അതൊരു സൂചന മാത്രമാണ്, മൂർത്തമായ ഒന്നല്ല. പക്ഷേ നിങ്ങളുടെ ആഴങ്ങളിലെവിടെയോ, 'ഒന്നി'ന്റെ ഒരു അനുരണനം സംഭവിക്കു ന്നു, നിങ്ങൾ പോലുമറിയാതെ.

ഈ 'ഒന്നി'ന്റെ തോന്നൽ നിങ്ങളുടെ ബോധത്തിൽ ഉണർത്താൻ വേണ്ടിയാണ് ഭാരതം ഈശ്വരനെ എല്ലായ്പോഴും 'രണ്ടല്ല' എന്നു പറഞ്ഞത്. മനുഷ്യന്റെ ആശയ വിനിമയ(human communication)ത്തെക്കുറിച്ചുള്ള വളരെ ആഴത്തിലുള്ള ധാരണയുടെ ഫലമാണത്. മനുഷ്യരോട് ആവർത്തിച്ചാവർത്തിച്ച് ആശയവിനിമയം ചെയ്യാൻ ശ്രമി ച്ചിട്ട്, മനുഷ്യരിൽ സൃഷ്ടിക്കപ്പെടുന്ന ധാരണയെക്കുറിച്ചും അവന്റെ പ്രജ്ഞ (consciousness)യിൽ സംഭവിക്കുന്നതിനെക്കുറിച്ചും മനസ്സിലാക്കി യിട്ടാണിത്. മിക്കപ്പോഴും, എന്താണോ പറയപ്പെടുന്നത് അതിനു നേരെ വിപരീതമായതാവും സംഭവിക്കുന്നത്.



നിങ്ങൾ ഒരു കണ്ണാടിയുടെ മുമ്പിൽ നിൽക്കുന്നു, അതിൽ പ്രതി ഫലിച്ച് കാണപ്പെടുന്നത് നിങ്ങളുടെ തലകീഴായ പ്രതിബിംബമാ ണെന്ന് നിങ്ങൾ തിരിച്ചറിയാത്തതു പോലെയാണിത്. നിങ്ങളത് ശ്രദ്ധിക്കുന്നില്ല, ഓരോ ദിവസവും നിങ്ങൾ കണ്ണാടിയുടെ മുമ്പിൽ നിൽക്കുന്നുണ്ടെങ്കിലും. എന്നാൽ നിങ്ങളൊരു പുസ്തകത്തിന്റെ പേജ് കണ്ണാടിയുടെ മുമ്പിൽ കാണിച്ചാൽ നിങ്ങളത് പെട്ടെന്ന് ശ്രദ്ധിക്കും, കാരണം എല്ലാ അക്ഷരങ്ങളും

തലകീഴായിരിക്കും.വാസ്തവത്തിൽ എല്ലാ പ്രതിബിംബങ്ങളും തലകീഴായതാണ്. വാസ്തവത്തിൽ, തലകീഴല്ലാത്തതായ പ്രതിബിംബങ്ങൾ സാധ്യമല്ല. നിങ്ങളൊരു നദിക്കരയിൽ നിൽക്കുമ്പോൾ നദിയിൽ നിങ്ങളുടെ പ്രതിബിംബം കാണാം, ആ പ്രതിബിംബം തലകീഴായതാണ്.

ഈ പ്രതിഫലന പ്രക്രിയയിൽ, എല്ലാ വസ്തുക്കളും തലകീഴാക്കപ്പെടുന്നു. അത് അപ്രകാരമായേ തീരൂ. നിങ്ങളുടെ വലതു കണ്ണ് ഇടതു വശത്താവും, ഇടതു കണ്ണ് വലതു വശത്താവും. അപ്പോൾ, നിങ്ങൾ എന്നെ നോക്കുമ്പോൾ, നിങ്ങളുടെ കണ്ണിൽ രൂപീകൃതമാവുന്ന പ്രതിബിംബം പ്രതിലോമമായിരിക്കും. ഞാൻ നിങ്ങളെ നോക്കു മ്പോൾ, എന്റെ കണ്ണുകൾ ഒരു കണ്ണാടി പോലെ പ്രവർത്തിക്കും, നിങ്ങളുടെ പ്രതി ബിംബം തലകീഴായതായിരിക്കും.



എല്ലാ പ്രതിബിംബങ്ങളും തലകീഴായതാണ്, എല്ലാ പ്രതിധ്വനികളും തലകീഴായതാണ്. ഈ അഗാധ| ാ നുഭവം കാരണത്താലാണ് ഭാരതം ഒരിക്കലും ബ്രഹ്മത്തെ അഥവാ ഈശ്വരനെ ‘ഒന്ന്’എന്നു വിളി ക്കാഞ്ഞത്, എന്തുകൊണ്ടെന്നാൽ ‘ഒന്ന്’ എന്ന വാക്ക് നിങ്ങൾ ഉപയോഗിക്കുമ്പോൾ, നിങ്ങളുടെ ഉള്ളിലുണ്ടാവുന്ന പ്രതിബിംബം നേരേ തലകീഴായതാവും. അതുകൊ ണ്ടാണ് അവരതിനെ ‘അദ്വൈതം’, ‘രണ്ടല്ലാത്തത്’ എന്നു വിളിച്ചത്. അപ്പോൾ, സൂക്ഷ്മമായ രീതിയിൽ പരോക്ഷമായി പ്രതിഫലനം സംഭവിക്കും, അത് ‘ഒന്നി’ന്റേതു മാത്രമായിരിക്കും. ഈ ധാരണയെ പ്രതിപാദിക്കുന്നതിനായി ഒരു നെഗ റ്റീവ് പദം അഥവാ പ്രയോഗമാണ് ഉപയോഗിക്കപ്പെട്ടിരുന്നത്.

ഏകനായ ഈശ്വരൻ-ഒന്നു മാത്രമായ, രണ്ടല്ലാത്ത-ഒരിക്കലും ആരംഭിക്കുന്നില്ല, ഒരി ക്കലും അവസാനിക്കുന്നതുമില്ല. ഈ രണ്ട് വാക്യങ്ങളും നമുക്ക് മനസ്സിലാക്കാം, പക്ഷേ മൂന്നാമത്തേത് ഇത്തിരി ബുദ്ധിമുട്ടാണ്, കാരണം അതെപ്പറ്റി നിങ്ങളൊരി ക്കലും ചിന്തിച്ചിട്ടുണ്ടാവില്ല. മൂന്നാമത്തെ വാക്യം പറയുന്നത്, ‘ഈശ്വരന് തുടക്കമോ മധ്യമോ ഒടുക്കമോ ഇല്ല’ എന്നാണ്. ഈശ്വരന് ആരംഭമോ മധ്യമോ അവസാനമോ ഇല്ല.

ഈശ്വരന് തുടക്കമോ ഒടുക്കമോ ഇല്ല എന്നത് മനസ്സിലാക്കാനെളുപ്പമാണ്; പക്ഷേ അതിന് മധ്യം ഇല്ല(no middle) എന്നു പറയുന്നത് മനസ്സിലാക്കാൻ വളരെ പ്രയാസമാ ണ്. ഉപനിഷത്തിലെ ഋഷിയും പറയുന്നു ഈശ്വരന് മധ്യം ഇല്ല എന്ന്. അദ്ദേഹം പറ

യുന്നത്, അതിന് മധ്യമില്ല എന്നാണ്. ഒരു കാര്യത്തിന് തുടക്കമോ ഒടുക്കമോ ഇല്ല എന്ന് നാം പറയുമ്പോൾ, അതിനൊരു മധ്യം ഉണ്ടെന്നാണ്, മധ്യമേ ഉള്ളൂ എന്നാണ്, നാം വിവക്ഷിക്കുന്നത്.

സ്വാഭാവികമായും, അർത്ഥം അങ്ങനെയായേ തീരൂ- ഒരു കാര്യത്തിന് തുടക്കമോ ഒടുക്കമോ ഇല്ലെങ്കിൽ, എന്നിട്ടും അത് നിലനിൽക്കുന്നുവെങ്കിൽ, അപ്പോളത് അർത്ഥ മാക്കുന്നത് അതിന് ഒരു മധ്യം മാത്രമേ ഉള്ളൂ എന്നാണ്. നിങ്ങളതിനെ കാണു മ്പോൾ, അത് എല്ലായ്പോഴും 'മധ്യ'(the middle)മായിരിക്കും.
ഒരു വസ്തു ഉണ്ട്, എന്നിട്ടും നിങ്ങൾ പറയുകയാണ് അതിന് തുടക്കമോ ഒടുക്കമോ മധ്യമോ ഇല്ല എന്ന്, അപ്പോളത് ഉണ്ടാവില്ല! അതെവിടെയാവും ഉള്ളത്? അതിന്റെ അസ്തിത്വം എവിടെയായിരിക്കും? എന്നാൽ ഉപനിഷത്തിലെ ഋഷി കുറേക്കൂടി ശാസ്ത്രീയനാണ്. തുടക്കമോ ഒടുക്കമോ ഇല്ലാത്ത ഒന്നിന് മധ്യമുണ്ടാവുക സാധ്യമാ വുന്നതെങ്ങനെ? 'മധ്യം' എന്നതിന്റെ അർത്ഥം തന്നെ തുടക്കത്തിനും ഒടുക്കത്തിനും ഇടയ്ക്കുള്ളത് എന്നാണ്. മറ്റെന്താണ് 'മധ്യ'ത്തിന്റെ അർത്ഥമാവാൻ പറ്റുക?

ഒരു സംഗതി രണ്ട് ധ്രുവങ്ങളുടെ ഇടയ്ക്കാവുകയും, ആ രണ്ട് ധ്രുവങ്ങളും ഇല്ലാതാ വുകയും ചെയ്താൽ, അപ്പോളെങ്ങനെയാണ് മധ്യം ഉണ്ടാവുക? എങ്കിലും, ഈശ്വ രൻ ഉണ്ട്, അതിന് അസ്തിത്വമുണ്ട്. അതിനാൽ, നമുക്കതിന്റെ അസ്തിത്വത്തെപ്പറ്റി മറ്റു രീതിയിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്കീ തുടക്കം, ഒടുക്കം, മധ്യം ഇവ യുടെ ഭാഷ പൂർണമായും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ഈശ്വരൻ ഉണ്ട്! (The Divine IS!) അത് കേവലം ഉണ്ട്!
ഇത് നിങ്ങൾക്ക് മറ്റൊരു തരത്തിൽ മനസ്സിലാക്കാൻ ശ്രമിക്കാവുന്നതേയുള്ളൂ. അപ്പോൾ ഒരു പക്ഷേ നിങ്ങൾക്കിത് ഗ്രഹിക്കാനാവും. നാം കാലത്തെ മൂന്നു ഭാഗങ്ങളായി വിഭജിക്കുന്നു- ഭൂതം, ഭാവി, വർത്തമാനം.




ഈശ്വരൻ ഉണ്ട് എങ്കിൽ, അതിൽ ഭൂതമൊന്നും(nothing past) ഉണ്ടാവാൻ സാധ്യമല്ല. തന്നെയുമല്ല, അതിൽ ഭാവിയൊന്നും(no future) ഉണ്ടാവാൻ സാധ്യമല്ല. ഇപ്പോഴും അറിയപ്പെടാത്തതാണ് ഭാവി എന്നത്. അപ്പോൾ, ഈശ്വരനുണ്ടെങ്കിൽ, ഈശ്വരനെ സംബന്ധിച്ചിടത്തോളം ഒരു ഭാവി ഉണ്ടെങ്കിൽക്കൂടി, അതിനർത്ഥം അതിന് അജ്ഞാ തമായത് എന്തോ ഉണ്ടെന്നാണ്. ഇല്ല!

ഈശ്വരന് ഭാവി ഉണ്ടാവുക സാധ്യമല്ല, ഭൂതവും ഇങ്ങനെ തന്നെ. ഇക്കാര്യം വളരെ വ്യക്തമാവണം. ഈശ്വരന് ഭാവി ഇല്ല, അതിന് ഭൂതവുമില്ല. ഇത് നിങ്ങൾക്ക് ഈ രീതിയിൽ മനസ്സിലാക്കാൻ കഴിയും. ഭൂതം, ഭാവി, വർത്തമാനം ഇവ നമ്മുടെ പരിമിത മായ വീക്ഷണത്തിന്റെ പരിണതഫലമാണ്. അസ്തിത്വത്തിന്റെ ഒരു ചെറിയ ഭാഗ മാണ് നമുക്ക് ദൃശ്യമാകുന്നത്, നമ്മളതിനെ വർത്തമാനം(the present) എന്നു വിളി ക്കുന്നു. വർത്തമാനം ദൃശ്യമാകാത്തപ്പോൾ, അത് ഭൂത(the past)മായിത്തീരുന്നു, അത് ഇനിയും ദൃശ്യമാകാത്തിടത്തോളം, അത് ഭാവി(the future) എന്ന് വിളിക്കപ്പെടു ന്നു.

ഒരു മനുഷ്യൻ വഴിയോരത്തെ ഒരു മരച്ചുവട്ടിൽ ഇരിക്കുന്നുവെന്ന് കരുതുക, ഇരുവ ശത്തേക്കും വഴി വ്യക്തമായി നീണ്ടു കിടക്കുന്നു, എന്നാൽ വഴിയിൽ ഒന്നും തന്നെ കാണാനില്ല. മറ്റൊരു മനുഷ്യൻ ഒരു മരത്തിന്റെ മുകളിൽ ഇരിക്കുകയാണ്, മരത്തിന ടുത്തേക്ക് വരുന്ന വഴിയിലൂടെ ഒരു കാളവണ്ടി വരുന്നത് അയാൾക്ക് കാണാം. വഴി യിലൂടെ ഒരു കാളവണ്ടി വരുന്നുണ്ടെന്ന് അയാൾ താഴെയിരിക്കുന്ന മനുഷ്യനോട് വിളിച്ചു പറയുന്നു. വഴിയിലൊന്നും ഒരു കാളവണ്ടിയും വരുന്നില്ല എന്ന് താഴെ ഇരി ക്കുന്നയാൾ പറയും. ഭാവിയിൽ അയാൾക്കത് കാണാനായേക്കും, എന്നാൽ ഈ നിമിഷം അയാൾ അവിടെങ്ങും കാളവണ്ടി കാണുന്നതേയില്ല.



അപ്പോൾ കാളവണ്ടി ദൃശ്യമാവുന്നു. മരത്തിന്റെ മുക ളിൽ ഇരിക്കുന്ന മനുഷ്യന് ദൃശ്യമായ കാളവണ്ടി ഇപ്പോൾ താഴെയിരിക്കുന്ന മനുഷ്യനും ദൃശ്യമാവു ന്നു. എന്നിട്ട് ആ കാളവണ്ടി കടന്നു പോവുന്നു, വീണ്ടും ചക്രവാളസീമയിൽ അപ്രത്യക്ഷമാവുന്നു. താഴെയിരിക്കുന്ന മനുഷ്യൻ പറയും, “കാളവണ്ടി ഭൂതകാലത്തിലേക്ക് പോയിരിക്കുന്നു. ഇപ്പോൾ എനിക്കതിനെ കാണാനേ പറ്റുന്നില്ല.” എന്നാൽ മര ത്തിന്റെ മുകളിൽ ഇരിക്കുന്ന മനുഷ്യൻ പറയുക അയാൾക്കത് ഇപ്പോഴും കാണാൻ സാധിക്കുന്നുണ്ട് എന്നാണ്.

ഇപ്രകാരം, താഴെ ഇരിക്കുന്ന മനുഷ്യന് ഭാവി, പിന്നെ വർത്തമാനം, ഇപ്പോൾ ഭൂതം ആയിരുന്നത് എന്താണോ അത്, മരത്തിന്റെ മുകളിൽ ഇരിക്കുന്ന മനുഷ്യന് വർത്തമാനം തന്നെയാണ് മുഴുവൻ നേരത്തേക്കും. നിങ്ങളുടെ അനുവാദത്തോടെ, വ്യക്തതയ്ക്കായി, ഞാൻ ആവർത്തിക്കട്ടെ: താഴെ ഇരിക്കുന്ന മനുഷ്യന് ഭാവി, പിന്നെ വർത്തമാനം, ഇപ്പോൾ ഭൂതം ആയിരുന്നത് എന്താണോ അത്, ഇപ്പോഴും മര

ത്തിന്റെ മുകളിൽ ഇരിക്കുന്ന മനുഷ്യന് വർത്തമാനം തന്നെയാണ്, മുഴുവൻ നേര ത്തേക്കും. അതിന്റെ മൂന്നു വശങ്ങളും അയാൾക്ക് വർത്തമാന(the present)മാണ്.

പക്ഷേ, കുറേക്കൂടി പൊക്കത്തിലുള്ള ഒരു മരത്തിൽ ഇരിക്കുന്ന വ്യക്തിക്ക്, മരത്തിൽ ഇരിക്കുന്ന ആദ്യത്തെ മനുഷ്യൻ വർത്തമാനം, ഭൂതം ഇവയുടെ വേർതിരിവ് എപ്ര കാരം കാണുന്നുവോ, ഏറ്റവും പൊക്കത്തിലുള്ള മരത്തിലെ വ്യക്തിക്ക്, അപ്പോഴും ആ വിഭജനം ഉണ്ടാവില്ല. കുറേക്കൂടി പൊക്കത്തിലുള്ള മറ്റൊരു മരത്തിലിരി ക്കുന്നവന്, രണ്ടാമത്തെ വ്യക്തിക്ക് തോന്നിയതുപോലെ യാതൊരു വിഭജനവും തോന്നില്ല.

ഈശ്വരനെന്നാൽ അതീതമായി അഥവാ അതിനപ്പുറം യാതൊന്നും ഇല്ല എന്നാ ണർത്ഥം. ഇത് അർത്ഥമാക്കുന്നത് ഒരു ഭൂതവും അതിന് ഭൂതമല്ല, ഒരു ഭാവിയും അതിന് ഭാവിയല്ല എന്നാണ്. ഇതിൽനിന്ന് നമുക്ക് മനസ്സിലാവുന്നത്, ഓരോന്നും ഈശ്വരനെ സംബന്ധിച്ചിടത്തോളം എല്ലായ്പോഴും വർത്തമാനമാണ്(everything is always the present for the Divine) എന്നാണ്. മറ്റു രീതിയിൽ പറഞ്ഞാൽ, ഇതാണ് മധ്യം എന്നത്.

പക്ഷേ ഋഷി പറയുന്നു, ഇത് മധ്യമല്ല, എന്തുകൊണ്ടെന്നാൽ ഭാവി എന്തെന്നോ ഭൂതം എന്തെന്നോ അറിയാത്തവന് വർത്തമാനം എങ്ങനെ അറിയാൻ? ഭാവിക്കും ഭൂതത്തിനുമിടയ്ക്ക് അനുഭവപ്പെട്ട എന്തിനെയോ വിവരിക്കാൻ മാത്രമേ നമുക്ക് 'വർത്തമാനം' എന്ന പദം ഉപയോഗിക്കാനാവൂ. ഭൂതവും ഭാവിയും അനുഭവിക്കാത്ത പ്പോൾ, 'വർത്തമാനം' എപ്രകാരം അനുഭവപ്പെടാനാണ്? അതുകൊണ്ട്, ഈശ്വരനെ സംബന്ധിച്ചിടത്തോളം വർത്തമാനമോ ഭൂതമോ ഭാവിയോ സാധ്യമാവില്ല.

അതിനാൽ, യോഗികൾ പറയുന്നത് ഈശ്വരന്റെ സമീപം കാലം ഇല്ല എന്നാ ണ്(there's no time). ഈശ്വരൻ കാലാതീതനാ(timeless)കുന്നു. ഈശ്വരന് കാലം ഇല്ല, കാരണം അവിടുന്ന് കാലാതീതനാണ്. തന്നെയുമല്ല, അതിനു സമീപം കാലമില്ലാത്തതു കൊണ്ട്, കാലം എന്ന ആശയം ഇല്ല, കാലം എന്ന അസ്തിത്വം ഇല്ല. അതിനാൽ, അത് ആരംഭ രഹിതമാണ്. ഈശ്വരൻ എക്കാലവും ഉണ്ടായിരുന്നു. അതൊരിക്കലും അവസാനിക്കി ല്ല. അതെന്നും ഉണ്ടായിരിക്കും!



അപ്പോൾ, മധ്യം എന്താണെന്ന് നമുക്ക് പറയാനാവും? ഋഷി പറയുന്നത് ഈശ്വരന് ആദിയില്ല, അന്തമില്ല, മധ്യവുമില്ല എന്നാണ്. അത് കേവലം ഉണ്ട്(It just IS). വേർതിരിവുകൾ അതിന് ബാധകമല്ല. ഒരു വിഭജനവും അതിനെ ബാധിക്കില്ല. അത് അഭാജ്യ(indivisible)മാകുന്നു!

നമുക്ക് ചിന്തിക്കാനാവുന്നതൊക്കെയും വിഭജനങ്ങൾ കൂടാതെ സാധ്യമല്ല. ഇക്കാരണത്താലാണ് ഈശ്വരൻ അചിന്ത്യനായിരിക്കുന്നത്, ചിന്തയ്ക്ക് അതീതനെ(beyond thinking)ന്നർത്ഥം. നിങ്ങൾ എന്തിനെപ്പറ്റി ചിന്തിച്ചാലും, അതിൽ വിഭജനങ്ങളുണ്ടാവും. മറ്റു മാർഗങ്ങളില്ല. നിങ്ങൾ വിഭജിച്ചേ തീരൂ. ഒരു കുട്ടി, ഒരു യുവാവ്, പിന്നെ ഒരു വൃദ്ധൻ ഉണ്ടാവും. ജനനമുണ്ടാവും, മരണമുണ്ടാവും; സന്തോഷമുണ്ടാവും, ദു:ഖമുണ്ടാവും. വെളിച്ചമുണ്ടാവും, ഇരുട്ടുമുണ്ടാവും. അതിനാൽ നിങ്ങൾ വിഭജിച്ചേ തീരൂ!




അഖണ്ഡ(indivisible)മായത് എന്തെങ്കിലും ഉണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇല്ല! മനുഷ്യാനുഭവത്തിൽ അഖണ്ഡമായിട്ടൊന്നുമില്ല. വിഭജനം ഉണ്ടായേ തീരൂ. വാസ്തവത്തിൽ, വിഭജിക്കാതെ മനുഷ്യമനസ്സിന് ഒന്നും മനസ്സിലാക്കാൻ കഴിയില്ല.

എന്നാൽ അസ്തിത്വം അഖണ്ഡമാണ്. അത് ഒരു തരത്തിലും, ഒരിടത്തും, വിഭജിക്കപ്പെടുന്നില്ല. അതൊരിടത്തും വിഭജിക്കപ്പെട്ടിട്ടില്ല! ഈ അഖണ്ഡമായ അസ്തിത്വത്തെപ്പറ്റി അഥവാ ഈശ്വരനെപ്പറ്റിയാണ് ഋഷി സംസാരിക്കുന്നത്. അതിന് മധ്യമില്ല, ആദിയില്ല, അന്തവുമില്ല!

നിങ്ങൾക്ക് നന്ദി.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)